ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ




**മുന്നുര**

August 8, 2024

# ഡിസിപ്ലിനുകളുടെ മരണവും കർത്താവിന്റെ മരണവും

അവന്റ്-ഗാർഡ് സാഹിത്യത്തിനും സിദ്ധാന്തത്തിനും വേണ്ടി സ്വയംസമർപ്പിച്ച, ആസ്പെൻ എന്ന ഫ്രഞ്ച് മാഗസീനിലാണ് 1967ൽ The Death of the Author എന്ന ഉപന്യാസം പ്രസിദ്ധീകരിക്കുന്നത്. 1968-ൽ തന്റെ 'ഇമേജ് – മ്യൂസിക് – ടെക്സ്റ്റ്' എന്ന പുസ്തകത്തിൽ ഈ ലേഖനം ബാർത്ത് ഉൾപ്പെടുത്തുന്നു. 1977-ൽ അതിന്റെ ഇംഗ്ലീഷ് വിവർത്തനം വരുന്നു. പിന്നീട് പല ലോകഭാഷകളിലേയ്ക്കും വിവർത്തനം ചെയ്യപ്പെടുന്നു, ഉദ്ധരിക്കപ്പെടുന്നു. മലയാളത്തിലേയ്ക്കും എത്തുന്നു.

ഈ ലേഖനത്തിലെ ഉള്ളടക്കത്തെ സംബന്ധിച്ച് ഏതു ബുദ്ധിജീവിയോടു ചോദിച്ചാലും ഇങ്ങനെ ഉത്തരം കിട്ടും: 'ഗ്രന്ഥത്തെ വിലയിരുത്തുമ്പോൾ എഴുത്തുകാരന്റെ ഉദ്ദേശ്യങ്ങളും ജീവചരിത്രപരമായ സന്ദർഭങ്ങളും

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

പരിഗണിക്കേണ്ടതില്ല. വായനക്കാരന്റെ സ്വാതന്ത്ര്യമാണ് പ്രധാനം.' രണ്ടുവാക്യത്തിൽ പ്രസ്തുത ലേഖനത്തെ ചുരുക്കി എഴുതാൻ ചാറ്റ് ജി പി റ്റിയോടു ആവശ്യപ്പെട്ടാൽ ബുദ്ധിജീവികളുടെ അഭിപ്രായം തന്നെ ലഭിക്കും:

Roland Barthes' 'The Death of the Author' argues that the meaning of a text is not determined by the author's intentions but is instead created by the readers. This shift in focus from author to reader deconstructs traditional notions of authorship, emphasizing the role of the reader in interpreting and giving life to a text.

എന്നാൽ ഈ ആശയം ഇവിടെ പറയുന്ന പോലെ കർതൃത്വത്തെ സംബന്ധിക്കുന്ന പുതിയ ആശയമല്ല. W.K. Wimsatt, Monroe Beardsley എന്നിവർ ചേർന്ന് 1946-ൽ എഴുതിയ 'ഇന്റൻഷണൽ ഫാലസി' എന്ന ലേഖനത്തിൽ ഇത് കാണാം. ബാർത്തിനെപ്പോലെ ഫ്രഞ്ച് എഴുത്തുകാരനായ സാർത്രിന്റെ 'വാട്ട് ഈസ് ലിറ്ററേച്ചർ' (1948 ) എന്ന പുസ്തകത്തിൽ ഇതിന്റെ വിപുലീകൃതരൂപം കാണാം. എന്നാൽ ഈ ആശയത്തെ സംബന്ധിച്ച് ബാർത്ത് നേടിയ ആഗോളപ്രസിദ്ധി മറ്റാർക്കും ഉണ്ടായില്ല. സാർത്രിനെ ബാർത്ത് ഉദ്ധരിച്ചതുമില്ല.കാരണം സാർത്രിനെയും വിംസാറ്റിനെയും അനുകരിച്ച് വിപരീതമാക്കുകയാണ് ബാർത്ത് ചെയ്തത്. കൃതിയുടെ കാലവും വായനയുടെ കാലവും ചേർന്നു നടത്തുന്ന പുനർനിർമ്മിതിയായാണ്, പുതിയ കർതൃത്വനിർമ്മിതിയായാണ് വായനയെ സാർത്രും വിംസാറ്റും സങ്കല്പിച്ചത്. എന്നാൽ എഴുത്തുകാരൻ എന്നത് കൃതിയുടെ ഭൂതകാലമാണ് എന്നും അതില്ലാതാവണമെന്നുമാണ് ബാർത്ത് പറഞ്ഞത്. കർത്താവിന്റെ മരണം കാലത്തിന്റെയും ചരിത്രത്തിന്റെയും മരണമായിരുന്നു. അതു എഴുത്തുകാരന്റെ മരണം മാത്രമല്ല, വായനക്കാരന്റെ മരണം കൂടിയാണ്. എന്നാൽ വായനക്കാരന്റെ സ്വാതന്ത്ര്യം എന്ന മുഖംമൂടി ധരിച്ചാണ് ഇത് അക്കാദമികരംഗങ്ങളിൽ കയറിയിറങ്ങിയത്. ഇതിൽ കൃതി ചരിത്രരഹിതമായ ഒരു ഉപഭോഗവസ്തുവായി മാറുന്നു. സൂപ്പർ മാർക്കറ്റിൽ കസ്റ്റമർ കിംഗ് ആണെന്നു പറയുംമട്ടിലുള്ള നിർമ്മാണത്തിന്റെയല്ല, ഉപഭോഗത്തിന്റെ വ്യാജസ്വാതന്ത്ര്യമാണ് ഈ സങ്കല്പം നിർദ്ദേശിക്കുന്നത്. (എഴുത്തുകാരനും വായനക്കാരകാരനും ഉത്പാദനപ്രവർത്തനത്തിലെ കൂട്ടാളികൾ അഥവാ 'കൊളാബറേറ്റേഴ്സ്' എന്നാണ് വാൾട്ടർ ബഞ്ചമിൻ പറഞ്ഞത്.) ആഗോളീകരണകാലത്ത് ആ നിലപാട് മുതലാളിത്തത്തിന് ആവശ്യമുണ്ട് എന്നതുകൊണ്ടാണ് ഈ ആശയം കൂടുതൽ ഉദ്ധരിക്കപ്പെട്ടത്.

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

രാഷ്ട്രീയത്തിലും സാമ്പത്തികശാസ്ത്രത്തിലും രചയിതാവിന്റെ മരണം എന്നത് ദേശരാഷ്ട്രങ്ങളുടെ മരണവും കോർപ്പറേറ്റുകളുടെ സ്വതന്ത്ര കടന്നുകയറ്റവുമായിരുന്നു. മറ്റൊരു രീതിയിൽ മൈക്രോഫിനാൻസിംഗ് കടക്കെണിയുമായിരുന്നു. ഭാഷാശാസ്ത്രത്തിൽ ഭാഷയുടെ ചരിത്രനിരാസവും സ്വതന്ത്ര യാന്ത്രിക അർത്ഥലീലയുമായിരുന്നു, അതിന്റെ ആഘോഷവുമായിരുന്നു. (Ferdinand de Saussure തുടങ്ങിയവർ.) അതത് ദേശത്തെ ചരിത്രം ഒഴിവാക്കിയുള്ള, തൊഴിലാളികർതൃത്വത്തിന്റെ മരണം ആഘോഷിച്ചുകൊണ്ടുള്ള ആശയനിർമ്മിതിയിലൂടെ സമരങ്ങളെയും സ്വാതന്ത്ര്യവാദങ്ങളെയും ഇല്ലാതാക്കാനാണ് ഫെമിനിസം, ദളിതിസം, പരിസ്ഥിതിവാദം, പോസ്റ്റ്-ഹ്യൂമനിസം, പോസ്റ്റ്-സെക്കുലറിസം തുടങ്ങിയ കർതൃത്വനിരാസങ്ങളുടേതായ ആശയവിപണി സൃഷ്ടിച്ചത്. ചരിത്രത്തിന്റെയും ചരിത്രം നിർമ്മിക്കുന്ന അധ്വാനിക്കുന്നവന്റെയും അധ്വാനിക്കുന്നവളുടെയും മരണമായിരുന്നു അത്. കർത്താവിന്റെ മരണം എന്നത് തൊഴിലുറപ്പുകളുടെ മരണമായിരുന്നു, കർഷകന്റെയും തൊഴിലാളിയുടെയും മരണമായിരുന്നു. ശരീരത്തിന്റെയും വംശത്തിന്റെയും മതത്തിന്റെയും മുതലാളിത്താനുകൂലമായ ഉയർത്തെഴുന്നേല്പ് ഉണ്ടായി. മനുഷ്യർ ഡേറ്റകളായി മാറി. വ്യാജസ്വാതന്ത്ര്യത്തിന്റെ സൂപ്പർ മാർക്കറ്റുകൾ തുറന്നു. അക്കാദമികളും പാഠ്യപദ്ധതികളും ഇത്തരം ആശയങ്ങൾ വിപണനം ചെയ്യുന്ന പ്രേതശാലകളായി മാറി. വിദ്യാഭ്യാസം വിപണിവത്കരിക്കപ്പെട്ടു. പിന്നീട് ആത്മഹത്യ ചെയ്യേണ്ടിവരും വിധം കടം വാങ്ങി പഠിക്കേണ്ട സ്ഥലത്തിന് സ്വാശ്രയം എന്ന പേര് നൽകി നമ്മൾ സ്വാതന്ത്ര്യം അനുഭവിച്ചു.

രചയിതാവിന്റെ മരണം അധ്യാപകന്റെ മരണവും കുട്ടികളുടെ വ്യാജസ്വാതന്ത്ര്യവുമായിരുന്നു. യൂണിവേഴ്സിറ്റികളുടെ പതനവും സ്വകാര്യയൂണിവേഴ്സിറ്റികളുടെ ഉദയവുമാകുന്നു. നവോത്ഥാന ചരിത്രം, തമിഴ്, മലയാളം, സംസ്കൃതം തുടങ്ങിയവ വ്യാജസ്വാതന്ത്ര്യവാദങ്ങളിലൂടെ വംശീയവത്കരിക്കപ്പെട്ടു. വ്യാജ കീഴാളവായനയാൽ നവോത്ഥാനചരിത്രം ജാതിമത ചരിത്രമായി ചിതറിത്തെറിക്കപ്പെട്ടു. മലയാളഭാഷാക്ലാസ്സിക് വംശീയസ്വാതന്ത്ര്യവാദത്തിലൂടെ മലയാള ഭാഷയ്ക്കുള്ള തമിഴ് -സംസ്കൃത ചരിത്രബന്ധം തിരസ്കരിക്കപ്പെട്ടു. അതാണ് കർതൃത്വത്തിന്റെ മരണം. മലയാളം ഇങ്ങനെ വംശീയ ഡേറ്റയായി മാറിയാൽ അതിനൊപ്പം കേരളകൾച്ചറോ സംസ്കൃതമോ പഠിക്കേണ്ടതില്ല. അങ്ങനെ മലയാളം എന്ന ഡിസിപ്ലിന് മരണം

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

സംഭവിക്കുകയും (ഒപ്പം എല്ലാ ഡിസിപ്ലിനും) കുട്ടികളുടെ വ്യാജസ്വാതന്ത്ര്യം ആഘോഷിക്കപ്പെടുകയും ചെയ്യും.

രചയിതാവിന്റെ മരണം ഡിസിപ്ലിനുകളുടെ മരണം കൂടിയാണ്. കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗാത്മക കർതൃത്വം കൊലചെയ്യപ്പെടും. കടക്കാരായിമാറുന്ന കുട്ടികൾക്ക് മാത്രമല്ല തൊഴിലുറപ്പ് നഷ്ടപ്പെട്ട അധ്യാപകർക്കും അനന്തമായ സ്വാതന്ത്ര്യം ലഭിക്കും.